**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1384** **18-01-2021 - ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട ഗ്രോ മോർ ഫുഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിൽ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം അനുവദിച്ച എത്ര ഏക്കർ ഭൂമിക്കാണ് ഇനിയും പട്ടയം വിതരണം ചെയ്യാനുള്ളതെന്ന് കർഷകരുടെ എണ്ണം, വില്ലേജ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിലെ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം വനംവകുപ്പിൽ നിന്നും കൈമാറികിട്ടിയ ഭൂമിയ്ക്ക് ഭൂരിഭാഗവും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ധാന്യവിളകൾക്കും കപ്പ കൃഷിയ്ക്കുമായി 3വർഷക്കാലത്തേയ്ക്ക് വനഭൂമി വിട്ടു കൊടുത്ത പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോൽപ്പാദന മേഖലയായി അറിയപ്പെടുന്നത്. പ്രസ്തുത കൈവശക്കാർ കൃഷിയ്ക്കായി വിട്ടുനൽകിയ ഭൂമി കൂടാതെ വനഭൂമിയും അനധികൃതമായി കൈയ്യേറിയിരുന്നു. പട്ടയം നൽകുവാൻ അവശേഷിക്കുന്ന നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 01.01.1977ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ജോയിന്റ് വേരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകളല്ലാതെ വനഭൂമിയേത് , റവന്യൂ ഭൂമിയേത് , വനഭൂമിയിൽ തന്നെ ഡിസ്റിസർവ് ചെയ്തതേത്, ചെയ്യാത്തതേത്, ഗ്രോ മോർ ഫുഡ് മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശമേത് എന്ന് ആധികാരികമായി മനസ്സിലാക്കാൻ ആവശ്യം വേണ്ട അടിസ്ഥാന രേഖകൾ ലഭ്യമല്ലാത്തതിനാൽ ഗ്രോ മോർ ഫുഡ് പ്രദേശത്തെ അവശേഷിക്കുന്ന കൈവശങ്ങൾക്ക് പട്ടയം നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണ് .ടി ഭൂമിയുടെ കോ ഓർഡിനേറ്റ്സ് എടുത്ത് ജിയോ റഫറൻസ് മാപ്പ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. |
| (ബി) | 01.01.1977ന് മുമ്പുള്ള ഇത്തരം കൃഷി ഭൂമികളിൽ വനം, റവന്യൂ വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി അതിരു കല്ലുകൾ സ്ഥാപിച്ചവ എത്ര ഭൂമിയാണ്; ഇവർക്ക് പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പത്തനംതിട്ട ജില്ലയിലെ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം വനംവകുപ്പിൽ നിന്നും കൈമാറികിട്ടിയ ഭൂമിയ്ക്ക് ഭൂരിഭാഗവും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ധാന്യവിളകൾക്കും കപ്പ കൃഷിയ്ക്കുമായി 3വർഷക്കാലത്തേയ്ക്ക് വനഭൂമി വിട്ടു കൊടുത്ത |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോൽപ്പാദന മേഖലയായി അറിയപ്പെടുന്നത്. പ്രസ്തുത കൈവശക്കാർ കൃഷിയ്ക്കായി വിട്ടുനൽകിയ ഭൂമി കൂടാതെ വനഭൂമിയും അനധികൃതമായി കൈയ്യേറിയിരുന്നു. പട്ടയം നൽകുവാൻ അവശേഷിക്കുന്ന നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 01.01.1977ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ജോയിന്റ് വേരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകളല്ലാതെ വനഭൂമിയേത് , റവന്യൂ ഭൂമിയേത് , വനഭൂമിയിൽ തന്നെ ഡിസ്റിസർവ് ചെയ്തതേത്, ചെയ്യാത്തതേത്, ഗ്രോ മോർ ഫുഡ് മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശമേത് എന്ന് ആധികാരികമായി മനസ്സിലാക്കാൻ ആവശ്യം വേണ്ട അടിസ്ഥാന രേഖകൾ ലഭ്യമല്ലാത്തതിനാൽ ഗ്രോ മോർ ഫുഡ് പ്രദേശത്തെ അവശേഷിക്കുന്ന കൈവശങ്ങൾക്ക് പട്ടയം നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണ് .ടി ഭൂമിയുടെ കോ ഓർഡിനേറ്റ്സ് എടുത്ത് ജിയോ റഫറൻസ് മാപ്പ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. |
| (സി) | ഇത് പരിഹരിച്ച് പട്ടയം നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പത്തനംതിട്ട ജില്ലയിലെ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം വനംവകുപ്പിൽ നിന്നും കൈമാറികിട്ടിയ ഭൂമിയ്ക്ക് ഭൂരിഭാഗവും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ധാന്യവിളകൾക്കും കപ്പ കൃഷിയ്ക്കുമായി 3വർഷക്കാലത്തേയ്ക്ക് വനഭൂമി വിട്ടു കൊടുത്ത പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോൽപ്പാദന മേഖലയായി അറിയപ്പെടുന്നത്. പ്രസ്തുത കൈവശക്കാർ കൃഷിയ്ക്കായി വിട്ടുനൽകിയ ഭൂമി കൂടാതെ വനഭൂമിയും അനധികൃതമായി കൈയ്യേറിയിരുന്നു. പട്ടയം നൽകുവാൻ അവശേഷിക്കുന്ന നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 01.01.1977ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ജോയിന്റ് വേരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകളല്ലാതെ വനഭൂമിയേത് , റവന്യൂ ഭൂമിയേത് , വനഭൂമിയിൽ തന്നെ ഡിസ്റിസർവ് ചെയ്തതേത്, ചെയ്യാത്തതേത്, ഗ്രോ മോർ ഫുഡ് മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശമേത് എന്ന് ആധികാരികമായി മനസ്സിലാക്കാൻ ആവശ്യം വേണ്ട അടിസ്ഥാന രേഖകൾ ലഭ്യമല്ലാത്തതിനാൽ ഗ്രോ മോർ ഫുഡ് പ്രദേശത്തെ അവശേഷിക്കുന്ന കൈവശങ്ങൾക്ക് പട്ടയം നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണ് .ടി |

| | | | |
|---|---|---|---|
| | | | ഭൂമിയുടെ കോ ഓർഡിനേറ്റ്സ് എടുത്ത് ജിയോ റഫറൻസ് മാപ്പ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ